# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 63 | 08/01/2014-ൽ മറുപടിയ്ക്ക്

## കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി

**ചോദ്യം**

ശ്രീ. പി. ബി. അബ്ദുൾ റസാക്
" എം. പി. അബ്ദുസ്സമദ് സമദാനി
" കെ. മുഹമ്മദുണ്ണി ഹാജി
" അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**

ശ്രീ.പി .ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(എ) ജലസേചന വകുപ്പ് തനതായ പഠനങ്ങൾ നടത്തി വിസ്തൃതി കണക്കാക്കിയിട്ടില്ല. എന്നാൽ പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും വകുപ്പ് ചില സർക്കാർ ഏജൻസികൾ മുമ്പ് നടത്തിയ പഠനങ്ങളെ ആസ്പദമാക്കി കായലുകളുടെ വിസ്തൃതി ഏകദേശം 46128.94 ഹെക്ടർ ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) രണ്ടു പതിറ്റാണ്ടിനിടയിൽ കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി ഗണ്യമായി കുറഞ്ഞതായ പഠനറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ട കാരണങ്ങൾ ചുവടെ ചേർക്കുന്നു.

- കായലുകളുടെയും തടാകങ്ങളുടെയും സമീപ പ്രദേശത്തുള്ളവർ നടത്തുന്ന കൈയേറ്റ ശ്രമങ്ങൾ.
- വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായുള്ള വിസ്തൃതി കുറയൽ.

| | |
|---|---|
| | • കാലക്രമത്തിൽ ഉണ്ടാകുന്ന മണ്ണടിയൽ മൂലമുണ്ടാകുന്ന കുറവ് തുടങ്ങിയവ. |
| (സി) സംസ്ഥാനം രൂപംകൊണ്ട ശേഷം കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതിയിൽ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്ന് മുൻ റവന്യൂ രേഖകളുടെ അടിസ്ഥാനത്തിൽ കണ്ടെത്താനും തുടർ നടപടി സ്വീകരിക്കാനും നിർദ്ദേശം നല്കുമോ? | (സി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.